ചെയ്യണം, അല്ലെങ്കിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള തുകയെങ്കിലും കൃത്യമായ മെയിന്റനൻസിനുവേണ്ടി ചെലവാക്കാൻ ഒരു നിയമം എൻഫോഴ്സ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ? പ്ലാൻ ഫണ്ടിൽ നിന്ന് കുറച്ച് പണം നോൺ പ്ലാനിലേക്ക് മാറ്റാൻ സർക്കാരിന് കഴിയുമോ? ഏതെങ്കിലും രീതിയിൽ ഈ വരുന്ന ഒരു വർഷക്കാലം കൊണ്ട് ഇത് പൂർത്തിയാക്കാനുള്ള അടിയന്തിര നടപടി സർക്കാർ സ്വീകരിക്കുമോ?

*ശ്രീ. വക്കം പുരുഷോത്തമൻ:* സർ, പ്ലാൻ ഫണ്ടിന് പുറത്ത് മെയിന്റനൻസ് ഗ്രാന്റ് പ്രത്യേകം കൊടുക്കുന്നുണ്ട്. അതുകൊണ്ട് ആ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. കഴിഞ്ഞ വർഷം മെയിന്റനൻസ് ഗ്രാന്റ് കൊടുത്തതിന്റെ 10 ശതമാനംപോലും ചെലവാക്കാത്തതുകൊണ്ടാണ് അടുത്ത് കുറേ ചെലവാക്കുന്നതിനായി ഈ വർഷം വേണ്ടിവന്നാൽ കാശ് കൊടുക്കാമെന്നു പറഞ്ഞത്. മെയിന്റനൻസ് ഗ്രാന്റ് വളരെ കുറച്ചു മാത്രമേ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ചെലവാക്കുന്നുള്ളു.

**(2) റിവർ മാനേജുമെന്റ് ഫണ്ട് ഉദ്ദേശ്യലക്ഷ്യങ്ങൾക്കുവേണ്ടി ചെലവാക്കണമെന്ന ആവശ്യം**

*ശ്രീ. കെ. രാധാകൃഷ്ണൻ:* സർ, ഞാൻ ഈ Calling Attention കൊണ്ടുവന്നത് രണ്ടാമത്തെ പ്രാവശ്യമാണ്. അദ്യംകൊണ്ടു വന്നതിന് യാതൊരു
10 A. M.] പ്രയോജനവുമില്ലാത്തതുകൊണ്ടാണ് രണ്ടാമത്തെ പ്രാവശ്യം ഈ Calling Attention കൊണ്ടുവന്നത്.

*മി. സ്പീക്കർ:* രണ്ടാമത്തെ പ്രാവശ്യമാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ തരില്ലായിരുന്നു.

*ശ്രീ. കെ. രാധാകൃഷ്ണൻ:* കൊല്ലങ്ങൾക്കുമുമ്പാണ് കൊണ്ടുവന്നത്. പുഴകളേയും നദികളേയുമൊക്കെ സംരക്ഷിക്കാൻവേണ്ടി നമ്മൾ നിയമം കൊണ്ടുവരികയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനമായി ആ നിയമത്തിലൂടെ ഉദ്ദേശിച്ചത് നമ്മുടെ നദികളും നദീതീരങ്ങളും സംരക്ഷിക്കുക എന്നുള്ളതാണ്. അതിനുവേണ്ടിയാണ് 2001-ൽ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ബിൽ നമ്മുടെ നിയമസഭ പാസ്സാക്കിയത്. അങ്ങനെ പാസ്സാക്കിയ നിയമം വെറും നോക്കുകുത്തിയായി നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ നദികളിൽ നിന്നും മണലൂറ്റുന്നതിലൂടെ River Management Fund രൂപീകരിക്കുകയുണ്ടായി. ആ River Management Fund ഉപയോഗിച്ചുകൊണ്ട് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നദികളും നദീതീരങ്ങളും സംരക്ഷിക്കുകയും അതുവഴി കുടിവെള്ളവും, കൃഷിക്കാവശ്യമായിട്ടുള്ള വെള്ളവും സംരക്ഷിക്കുകയെന്നുള്ളത് അതിന്റെ ലക്ഷ്യമായിരുന്നു. എന്നാൽ ആ ലക്ഷ്യത്തിൽ നിന്നെല്ലാം പുറകോട്ടുപോകുന്ന ഒരു സ്ഥിതിയാണ് ഇപ്പോൾ നിലനിൽക്കുന്നത്. 10-3-2005-ൽ എന്റെ ഒരു Unstarred Question-ന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 2004 മാർച്ച് 31 വരെ River Management Fund-ൽ ഏകദേശം 41,85,45,016 രൂപ ലഭിച്ചുവെന്നാണ്. അങ്ങനെ 41 കോടിയിൽപ്പരം രൂപ 2004 മാർച്ച് വരെയാണ് ലഭിച്ചത്. നമുക്കറിയാം ഇപ്പോൾ ഒരു വർഷം കൂടി കഴിഞ്ഞിരിക്കുകയാണ്. എന്റെ ഒരു പ്രാഥമിക അന്വേഷണത്തിൽക്കൂടി മനസ്സിലാക്കാൻ കഴിഞ്ഞത്, വിവിധ ജില്ലകളിലായി ഏകദേശം 60 കോടിയോളം രൂപ River Management Fund-ൽ കെട്ടിക്കിടക്കുന്നുവെന്നാണ്. അതിൽ വളരെ തുച്ഛമായ തുകയാണ് ചെലവഴിച്ചത്. ചെലവഴിച്ചത് ഏകദേശം 54 ലക്ഷത്തിൽപ്പരം രൂപമാത്രമാണ്. ചില പണികളുടെ എ.എസ്. കൊടുത്തിട്ടുണ്ടെന്നുള്ളത് ശരിയാണ്. ചെലവഴിച്ചതിൽ തന്നെ റെയ്ഡ് നടത്താൻവേണ്ടിയാണ് 17,000-ലധികം രൂപ ചെലവഴിച്ചത്. അതുപോലെതന്നെ വാഹനങ്ങൾക്ക് ഇന്ധനമടയ്ക്കുന്നതിനുവേണ്ടി ഏകദേശം രണ്ടുലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ചിട്ടുണ്ട്. അതുപോലെ വിദഗ്ദ്ധ സമിതിയുടെ യോഗം കൂടാൻ വേണ്ടിയാണ് ഏകദേശം രണ്ടുലക്ഷം രൂപ ചെലവഴിച്ചത്. യഥാർത്ഥത്തിൽ നദികളെ സംരക്ഷിക്കാനോ നദീതീരങ്ങളെ സംരക്ഷിക്കാനോ ഈ തുക വേണ്ടത്ര ഉപയോഗിച്ചിട്ടില്ല എന്നാണ് കാണുന്നത്. 10-60 കോടിയോളം രൂപ നമുക്ക് റിവർ മാനേജുമെന്റ് ഫണ്ടിൽ ലഭിച്ചിട്ട് അതിന്റെ ചെറിയൊരു ശതമാനംപോലും നദികളെ സംരക്ഷിക്കാൻവേണ്ടി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ നദികളെല്ലാംതന്നെ വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. ഇന്നിവിടെ രാവിലെ ചർച്ച നടന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാംതന്നെ ഇതുസംബന്ധിച്ച് ചോദ്യങ്ങൾ ഉയർത്തുകയുണ്ടായി. നമ്മുടെ River Management Fund ഉപയോഗിച്ചുകൊണ്ട് നദികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് അവരെല്ലാം വിരൽ ചൂണ്ടിയത്. പല ജില്ലകളിലും ആ ഫണ്ട് വിനിയോഗിക്കുന്നില്ല എന്നുള്ളതിന്റെ കണക്ക് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഈ River Management Fund-ൽ നിന്നും ഒറ്റ നയാപൈസപോലും ചെലവഴിച്ചിട്ടില്ല എന്നാണ് ഇവിടെ മറുപടി നൽകിയത്. മറ്റു ജില്ലകളിലാണെങ്കിൽ നാമമാത്രമായ പൈസയാണ് ചെലവഴിച്ചത്. ആ സംഖ്യ ചെലവഴിച്ചതാകട്ടെ നദികളെ സംരക്ഷിക്കാനോ നദീതീരങ്ങളെ സംരക്ഷിക്കാനോ അല്ലതാനും. അതുകൊണ്ട് എനിക്കിവിടെ പറയാനുള്ളത് നമ്മൾ സ്വരൂപിച്ച സംഖ്യ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാൻ സന്നദ്ധമാകണമെന്നാണ്. ഇവിടെ നദികൾ വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ നദികളെ ആശ്രയിച്ചാണ് കുടിവെള്ള പദ്ധതികളെല്ലാംതന്നെ നിലനിൽക്കുന്നത്. അത് നിലനിർത്താൻ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കഴിയണമെന്നുണ്ടെങ്കിൽ നദികളെ സംരക്ഷിക്കാനും അതുപോലെതന്നെ നദിയിൽ അടിയണകളോ അല്ലെങ്കിൽ തടയണകളോ നിർമ്മിക്കാനും സന്നദ്ധമാകണം. ഇപ്പോൾ അടിയണയോ തടയണയോ പണിയാൻ വേണ്ടി ഈ ഫണ്ട് ഉപയോഗിക്കാൻ പാടില്ല, അതിന് നിയമമില്ലെന്നാണ് പറയുന്നത്. നിയമം നമ്മളുണ്ടാക്കുന്നതാണല്ലോ. ആ നിയമം നമ്മുടെ സമൂഹത്തിന് ഗുണംചെയ്യാൻ കഴിയുന്ന രീതിയിൽ ഭേദഗതി ചെയ്യണമെന്നുണ്ടെങ്കിൽ അങ്ങനെ ഭേദഗതി ചെയ്യാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇങ്ങനെ ഭേദഗതി ചെയ്തുകൊണ്ടുപോലും ഈ ഫണ്ടുപയോഗിച്ച് നദിയിൽ അടിയണകളും തടയണകളും നിർമ്മിക്കാൻ തയ്യാറാകണം. അങ്ങനെ അടിയണകളും തടയണകളും നിർമ്മിക്കാൻ കഴിഞ്ഞാൽ വെള്ളം സംഭരിച്ചുനിർത്താൻ കഴിയുമെന്നുള്ളതിന് ഒട്ടേറെ തെളിവുകളുണ്ട്. എന്റെ മണ്ഡലത്തിലൂടെയാണ് ഭാരതപ്പുഴ ഒഴുകിക്കൊണ്ടിരിക്കുന്നത്. ഏകദേശം 5 പഞ്ചായത്തുകളിലൂടെയാണ് അത് ഒഴുകുന്നത്. കഴിഞ്ഞവർഷം ഈ സമയമായപ്പോൾ വരൾച്ചയുടെ കെടുതിയിലായിരുന്നു. പുഴയിൽ ഒരു തുള്ളി വെള്ളംപോലും ലഭിക്കാത്ത സ്ഥിതിയായിരുന്നു. വാട്ടർ അതോറിറ്റിക്കാരെല്ലാം വന്ന് കിണർ കുഴിച്ചുവെങ്കിലും ഒരു തുള്ളി വെള്ളംപോലും ലഭിച്ചില്ല. പക്ഷേ ഈ വർഷം അത് മുൻകൂട്ടി കണ്ടുകൊണ്ട് അവിടെയുള്ള ജനപ്രതിനിധികളുടേയും ത്രിതല പഞ്ചായത്തുകളുടേയുമെല്ലാംതന്നെ സഹകരണത്തോടുകൂടി ഏകദേശം നാല് താൽക്കാലിക തടയണകൾ നിർമ്മിച്ചു. അതിന്റെ ഫലമായി കിലോമീറ്റർ കണക്കിന് വെള്ളം നിൽക്കുകയാണ്. അതുകൊണ്ട് അവിടെ വെള്ളം പമ്പുചെയ്യാൻ കഴിയണം, ശുദ്ധജലം കൊടുക്കാൻ കഴിയണം. വാട്ടർ അതോറിറ്റി ശ്രദ്ധിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. നമ്മുടെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും സംയുക്തമായിട്ടുള്ള പ്രവർത്തനം ഇക്കാര്യത്തിൽ നടത്തുന്നില്ല എന്നുള്ള കുറവ് നിലനിൽക്കുകയാണ്. നമുക്കറിയാം നദികളേയും പുഴകളേയും സംരക്ഷിക്കേണ്ട ബാധ്യത ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനാണ്. ആ ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നുള്ള പരാതി നിലനിൽക്കുന്നുണ്ട്. രാവിലെ ഇവിടെ ചോദ്യോത്തര സമയത്തുതന്നെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആ ഫണ്ടെല്ലാം കൈകാര്യം ചെയ്യുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റാണ്, ഞങ്ങൾക്ക് അതിൽ യാതൊരു ബന്ധവുമില്ലെന്നാണ്. ഞാൻ മുമ്പ് ഒരു Calling Attention-ൽ പറഞ്ഞത് വാട്ടർ അതോറിറ്റിയും റവന്യൂ ഡിപ്പാർട്ടുമെന്റും തമ്മിലുള്ള തർക്കംഅവസാനിപ്പിച്ചു കൊണ്ട്, ഏകീകരിച്ചുകൊണ്ടുള്ള ഒരു തീരുമാനമെടുത്തുകൊണ്ട് ഈ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണമെന്നാണ്. പക്ഷേ അതിന് ഇതുവരെ സന്നദ്ധമായിട്ടില്ല. ഇനിയെങ്കിലും ആ കുറവ് പരിഹരിക്കാൻ വേണ്ടി ഇറിഗേഷൻ



LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും സംയുക്തമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഈ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുകയും അതുവഴി നമ്മുടെ നദികളേയും നദീതീരങ്ങളേയും അതുപോലെ water source-നേയും സംരക്ഷിക്കാൻ സന്നദ്ധമാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. ഇത് രണ്ടാംതവണയാണ് ഈ ശ്രദ്ധക്ഷണിക്കൽ. ഇതിനും കഴിഞ്ഞ പ്രാവശ്യം പറഞ്ഞപോലെയുള്ള ഒരു മറുപടിയിലൊതുക്കാതെ എന്തെങ്കിലും ക്രിയാത്മകമായിട്ടുള്ള നിലപാട് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഇതു രണ്ടാംതവണയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചതെന്ന് പറഞ്ഞു. രണ്ടാംതവണയാകുമ്പോൾ തീർച്ചയായും കുറച്ചുകൂടി ഹോംവർക്ക് ചെയ്തിട്ട് അവതരിപ്പിക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് പറഞ്ഞത് മിക്കതും ശരിയല്ല. അങ്ങ് ഇത് പഠിക്കാതെയാണ് കൊണ്ടുവന്നത്. ഞാൻ അതിലേക്കുവരാം. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഇവിടെ കൊണ്ടുവന്ന പദ്ധതികൾക്കുവേണ്ടി മണൽ വാരലിൽ നിന്നും കിട്ടുന്ന ഫണ്ട് വിനിയോഗിക്കുന്നില്ല, മിക്ക ജില്ലകളിലും ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല എന്നുപറഞ്ഞു. രണ്ടാമത് ആകെ ചെലവഴിച്ചത് 54 ലക്ഷം രൂപയാണെന്നു പറഞ്ഞു. ഇവിടെ ഈ പദ്ധതിക്കുവേണ്ടി രൂപ ചെലവഴിക്കുന്നത് വെറുതെ ത്രിതല പഞ്ചായത്തുകൾക്ക് രൂപ കൊടുക്കുന്നതുപോലെ കൊടുക്കുകയല്ല. മറിച്ച്, നിയമത്തിന്റെ സെക്ഷൻ 18 അനുസരിച്ച് കടവുകമ്മിറ്റികളുമായി ആലോചിച്ച് ജില്ലാ പഞ്ചായത്ത് എക്സ്പെർട്ട് കമ്മിറ്റി ഗവൺമെന്റിലേക്ക് approval-നുവേണ്ടി പ്രോജക്ട് തരികയും ഗവൺമെന്റ് അത് approve ചെയ്തു കൊടുക്കുകയും approve ചെയ്തതിനുശേഷം ആ കമ്മിറ്റി ഓരോ വർക്കുകളും ഇങ്ങോട്ട് തരികയും നമ്മൾ എ. എസ്. കൊടുക്കുകയുമാണ് ചെയ്യുന്നത്. അപ്പോൾ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ളത് District Expert Committee തരുന്ന വർക്കുകൾക്ക് എ. എസ്. കൊടുക്കുക എന്നുള്ളതാണ്. ഞാൻ ഒരുകാര്യം ബഹുമാനപ്പെട്ട മെമ്പറോട് പറയാം, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയല്ല, 54,30,88,937 രൂപ ആകെ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. 54 കോടി രൂപയാണ് കിട്ടിയത്. അതിൽ 20 കോടി രൂപ എന്താണെന്നറിയാമോ? മണൽ പിടിച്ചതിന്റെ ഫണ്ടാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് മണൽ ലോബിക്കെതിരെ ശക്തമായ ഒരു നീക്കം നടത്തുന്നുണ്ടെന്നുള്ളതിന് ഇതിനേക്കാൾ വലിയ തെളിവ് ആവശ്യമില്ല. 20 കോടി രൂപ ഫൈൻ വാങ്ങിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഒന്നും ചെലവഴിച്ചില്ല എന്ന് ഇവിടെ പറഞ്ഞു. 54 ലക്ഷം രൂപയേ ചെലവഴിച്ചുള്ളൂ എന്നുള്ള അങ്ങയുടെ പ്രസ്താവന തെറ്റാണ്. 20 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനോടകം വർക്കുകൾക്കുവേണ്ടി സാങ്ഷൻ ചെയ്തുകൊടുത്തു, ടെണ്ടറിലേക്ക് നീങ്ങുകയാണ്. ഉദാഹരണത്തിന് തിരുവനന്തപുരം ജില്ലയിൽ 1,61,20,000 രൂപ, കൊല്ലം ജില്ലയിൽ 32,18,000 രൂപ, പത്തനംതിട്ട ജില്ലയിൽ 66,28,000 രൂപ, ആലപ്പുഴ ജില്ലയിൽ 7,83,000 രൂപ, കോട്ടയം ജില്ലയിൽ 18,89,000 രൂപ, ഇടുക്കി ജില്ലയിൽ 41 ലക്ഷം രൂപ, എറണാകുളം ജില്ലയിൽ 2,93,00,000 രൂപ, കോഴിക്കോട് ജില്ലയിൽ 3,89,00,000 രൂപ, തൃശ്ശൂർ ജില്ലയിൽ 14 ലക്ഷം രൂപ, കാസർഗോഡ് ജില്ലയിൽ 50,000 രൂപ, വയനാട് 60 ലക്ഷം രൂപ, പാലക്കാട് 65,48,744 രൂപ, മലപ്പുറം ജില്ലയിൽ 1,21,00,000 രൂപ കണ്ണൂർ ജില്ലയിൽ 48,80,000 രൂപ. അങ്ങനെ District Expert Committee-കൾ ഇങ്ങോട്ട് അയച്ചുതന്ന പ്രോജക്ടുകൾക്ക് ആകെ 20 കോടി രൂപയ്ക്ക് എ. എസ്. കൊടുത്ത് ടെണ്ടർ വിളിച്ചിരിക്കുന്നു. ആ നിലയിൽ 54 ലക്ഷം രൂപ മാത്രമേ ഇതുവരെ ചെലവഴിച്ചിട്ടുള്ളൂ എന്നു പറയുന്ന പ്രസ്താവന ശരിയല്ല. മാത്രവുമല്ല അങ്ങയുടെ ചേലക്കര നിയോജകമണ്ഡലത്തിൽ 60 ലക്ഷം രൂപയുടെ വർക്കുകൾക്ക് എ. എസ്. കൊടുത്തിട്ട്, അങ്ങ് ഈ നിയമസഭയിൽ വന്നു നിന്നു ആകെ കേരളത്തിൽ 54 ലക്ഷം രൂപ മാത്രമേ കൊടുത്തിട്ടുള്ളൂ എന്നു പറയുന്നത് എത്രമാത്രം അവാസ്തവമാണ്! ചേലക്കര നിയോജകമണ്ഡലത്തിന്റെ കാര്യം ഞാൻ വായിക്കാം. തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ 4,14,74,000 രൂപയാണ് ആകെ കൊടുത്തിട്ടുള്ളത്. അതിൽ 60 ലക്ഷം രൂപ ചേലക്കരയ്ക്കാണ് കൊടുത്തിട്ടുള്ളത്. ജി.ഒ. നമ്പർ 1139, അതിൽ ഐറ്റം 5, 6, 7, 8, 9, 10, 38, 39, 40 എന്നു മാത്രമല്ല, അങ്ങയുടെ മണ്ഡലത്തിൽ നിന്നും ഇന്നയിന്ന പ്രോജക്ടുകൾ എടുക്കുന്നു എന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണന് തൃശ്ശിവപേരൂർ കളക്ടർ നോട്ടീസ് കൊടുത്തു. അതൊരു പുതിയ രീതിയാണ്. ഞാൻ ഏർപ്പെടുത്തിയതാണ്. എം. എൽ. എ. മാർക്ക് കത്ത് കൊടുക്കണം എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിങ്ങൾ എടുക്കുന്ന പദ്ധതികൾ എം.എൽ.എ.മാർ അറിഞ്ഞിരിക്കണം എന്നു ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടതനുസരിച്ച്, അങ്ങയുടെ നിയോജകമണ്ഡലത്തിൽ നിന്നും എടുക്കുന്ന ഈ വർക്കുകളുടെ ലിസ്റ്റ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. രാധാകൃഷ്ണന് കൈമാറി. റിക്കാർഡ് എന്റെ കയ്യിലുണ്ട്. 60 ലക്ഷം രൂപ അങ്ങയുടെ നിയോജകമണ്ഡലത്തിൽ മാത്രം അനുവദിച്ചിട്ട്, കേരളത്തിലെ ജില്ലകൾക്ക് ഒന്നും അനുവദിച്ചില്ല, ആകെ അനുവദിച്ചത് 54 ലക്ഷം രൂപയാണെന്നു പറഞ്ഞുകൊണ്ട് ഈ നിയമസഭയിൽ വന്ന് അവാസ്തവ പ്രസ്താവന ചെയ്യുന്ന ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണനെപ്പറ്റി എനിക്ക് ഒന്നും പറയാനില്ല. നിങ്ങൾക്ക് വേറെ ദുരുദ്ദേശമുണ്ട്. ഇതു നിങ്ങൾ കൊണ്ടുവരുന്നത് രണ്ടാം തവണയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ തവണ നിങ്ങൾ കൊണ്ടുവന്നത് ഈ വകുപ്പ് എന്തുകൊണ്ട് ശ്രീ. ടി. എം. ജേക്കബിനു കൊടുക്കുന്നില്ല എന്നു പറഞ്ഞായിരുന്നു. ഇപ്പോൾ ചെലവഴിച്ചു തുടങ്ങിയപ്പോൾ എന്താണ് പറയുന്നത്? ഒറ്റ കാര്യമേ എനിക്കു പറയാനുള്ളൂ. ആരെങ്കിലും പറയുന്നതനുസരിച്ച് നിയമസഭയിൽ വരരുത്. മറ്റുള്ളവർക്ക് ചില ലക്ഷ്യങ്ങൾ കാണും. ആ ലക്ഷ്യത്തിനുവേണ്ടി നിയമസഭയിൽ വന്ന് ഇങ്ങനെ പറയാൻ പാടില്ല. ഇതു സംബന്ധിച്ച് നമ്മൾ തമ്മിൽ ഒരു തർക്കവുമില്ല. ഇതു continuous process ആണ്. ഇനിയും എ. എസ്. കൊടുക്കും. അതുകൊണ്ട് ഒരു കുഴപ്പവുമില്ല. എന്തെങ്കിലും പിശകുകളുണ്ടെങ്കിൽ ശ്രീ. കെ. രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചാൽ മതി, അതു തിരുത്താം. വളരെ ശ്രദ്ധയോടുകൂടിയാണ് ഇക്കാര്യം കൈകാര്യം ചെയ്യുന്നത്. ഡിസ്ട്രിക് എക്സ്പെർട്ട് കമ്മിറ്റി തരുന്ന പ്രോജക്ടുകൾക്ക് എ. എസ്. കൊടുത്തുകൊണ്ടിരിക്കുന്നു. വർക്കുകൾക്ക് ജില്ലാ കളക്ടർ ടെന്റർ വിളിച്ചു. കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു ആശങ്കയും ഇക്കാര്യത്തെ സംബന്ധിച്ചു വേണ്ട. ഇതിനുള്ള പണം കൃത്യമായും ചെലവഴിക്കുമെന്നു മാത്രമല്ല നിയമത്തിൽ ഇന്നയിന്ന കാര്യങ്ങൾക്ക് ചെലവഴിക്കണമെന്നു പറഞ്ഞിട്ടുമുണ്ട്. ആ കാര്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഒരു പൈസ പോലും ചെലവഴിക്കില്ല. ബഹുമാനപ്പെട്ട മെമ്പർ നല്ലൊരു നിർദ്ദേശം വച്ചു. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. തടയണകൾക്കുവേണ്ടി കുറച്ചു പൈസ ചെലവഴിക്കണമെന്നു പറഞ്ഞ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. നമ്മുടെ availability of funds-നകത്തു നിന്നുകൊണ്ട് കഴിവതും പ്രദേശങ്ങളിൽ തടയണകൾ വേണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ലഭിക്കുന്ന പണത്തിൽ നിന്നും ഒരു ഭാഗം അതിനുവേണ്ടി ചെലവഴിക്കാം. ഒരു ഭാഗം വേണമെങ്കിൽ പൈപ്പ് കണക്ഷൻ കൊടുക്കാൻ വേണ്ടി ചെലവഴിക്കാം. ജി. ഒ.യിൽ പറഞ്ഞിട്ടുണ്ട്. ഒരു ഭാഗം ആറ്റിനരികിൽ, ചെറ്റക്കുടിലിൽ താമസിക്കുന്ന പാവപ്പെട്ടവരെ മാറ്റി പാർപ്പിക്കാൻ വേണ്ടി ചെലവഴിക്കാം. ഇങ്ങനെ നല്ല കാര്യങ്ങൾക്കു വേണ്ടി ചെലവഴിക്കാമെന്നു റൂളിനകത്തു പറഞ്ഞിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ട് എക്സ്പെർട്ട് കമ്മിറ്റികളും അതാതു ജില്ലകളിൽ നിന്നുള്ള പഞ്ചായത്തു പ്രസിഡന്റുമാരുമായിട്ട് ആലോചിച്ച്, കടവു കമ്മിറ്റിയുമായി ആലോചിച്ച് ഗവൺമെന്റിലേക്കു തരുന്ന പദ്ധതികൾ അല്ലാതെ കെ. എം. മാണി ഇവിടെ ഇരുന്നുകൊണ്ട് ചുമ്മാതെ ഇങ്ങനെ ഓരോ പ്രോജക്ടിനും രൂപ താഴോട്ടു കൊടുക്കുന്ന ഏർപ്പാടില്ല. എല്ലാം വ്യവസ്ഥാപിതമായി, നിയമപരമായി ബഹുജനങ്ങൾക്ക് ഉപകാരപ്രദമായി വിനിയോഗിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. നല്ല ഉദ്ദേശത്തോടുകൂടി ഗവൺമെന്റ് പ്രവർത്തിച്ചു വരികയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ഉദ്ദേശത്തെ ഞാൻ മാനിക്കുന്നു. മുഴുവൻ തുകയും നല്ല രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെലഴിക്കണമെന്ന സദുദ്ദേശമാണ് എനിക്കുള്ളത്. ചുമ്മാതെ രൂപ കൊടുക്കണമെന്നല്ല. പ്രോജക്ട് വരുന്നതനുസരിച്ച് കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ആ രീതിയിൽ അതുമായി പൊരുത്തപ്പെട്ടുപോകണമെന്നു മാത്രമാണ് എനിക്കു അതിനെപ്പറ്റി പറയാനുള്ളത്.

*ശ്രീ. കെ. രാധാകൃഷ്ണൻ:* സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ, ഞാൻ ഹോംവർക്കു ചെയ്യാതെയാണ് വന്നിരിക്കുന്നതെന്നു പറഞ്ഞു. അങ്ങു തന്ന മറുപടി അനുസരിച്ചാണ് ഞാൻ ചോദ്യം ചോദിച്ചത്. 10-3-2005-ലെ എന്റെ ചോദ്യം ഇതാണ്. ഈ തുകയിൽ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? അതിനു പറഞ്ഞിരിക്കുന്ന ഉത്തരം കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. അങ്ങു പറഞ്ഞത് തെറ്റാണെങ്കിൽ തെറ്റാണെന്നു പറയണം. ഏതാണ് ശരി? ഇപ്പോൾ പറഞ്ഞതാണോ നേരത്തെ പറഞ്ഞതാണോ ശരി?

*ശ്രീ. കെ. എം. മാണി* : ഇപ്പോൾ പറഞ്ഞതാണ് ശരി..... (ബഹളം).....ഒരു സിലബിൽ പോലും തെറ്റില്ല. ഇതിനു മുഴുവൻ എ. എസ്. കൊടുത്തു, ജില്ലാ കളക്ടർ ടെൻഡർ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണ് പറഞ്ഞത്.

*ശ്രീ. കെ. രാധാകൃഷ്ണൻ* : ഈ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. ഓരോ പുഴയിൽ നിന്നും വാരുന്ന മണലിന്റെ പ്രതിഫലമായി കിട്ടുന്ന സംഖ്യ അതാതു പുഴയുടെ സംരക്ഷണത്തിനുവേണ്ടി, ആ പുഴ ഒഴുകുന്ന ലോക്കൽ ബോഡീസിന്റെ സമ്മതത്തോടുകൂടി, അവിടത്തെ ജനപ്രതിനിധികളുമായി ആലോചിച്ചുകൊണ്ട്, വിനിയോഗിക്കാൻ തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

*ശ്രീ. കെ. എം. മാണി* : ഇതൊരു പുതിയ ആശയമാണ്. നമുക്ക് അതു പരിശോധിക്കാം. പക്ഷേ ഒരു കടവിൽ നിന്നും കിട്ടുന്നത് ആ കടവിൽ മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്നു പറയുമ്പോൾ, ഒരു ജില്ലയുടെ താല്പര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മാത്രം പരിഗണിക്കപ്പെട്ടു എന്നു വരും. ആ നദിയുടെ മൊത്തമായിട്ടുള്ള സംരക്ഷണത്തിന് without prejudice to the general development of the river bank, we can consider taking up individual project of Kadavu. അതു മാത്രമേ എനിക്കു പറയാനുള്ളൂ. ആശയം പരിശോധിക്കാം, അതുൾക്കൊള്ളാം.

## V. സബ്മിഷൻ

### (1) നെല്ല് സംഭരണം സംബന്ധിച്ച് ഗവൺമെന്റ് നൽകിയ വാഗ്ദാനം

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)*: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ നൽകിയത്. കഴിഞ്ഞ രണ്ടു മാസക്കാലത്തിലേറെയായി കേരളത്തിലെ നെൽക്കൃഷിക്കാർ, ഗവൺമെന്റ് പ്രഖ്യാപിച്ച വില നെല്ലിനു കിട്ടാൻവേണ്ടി കാത്തിരിക്കുകയായിരുന്നു. ആ കാത്തിരിപ്പ് ഫലശൂന്യമായി എന്നു വന്നപ്പോൾ, എം. എൽ. എ. മാരേയും മറ്റു ജനപ്രതിനിധികളേയും എല്ലാംതന്നെ അവരുടെ പരാധീനതകൾ അവർ ശക്തമായി അറിയിക്കുകയും അതനുസരിച്ച് കഴിഞ്ഞ 9, 10 തീയതികളിൽ പ്രതിപക്ഷകക്ഷി നേതാക്കൾക്ക് സഭയുടെ വാതിൽക്കൽ നിരാഹാര സമരം ഇരിക്കേണ്ടതായുംവന്നു. നിരാഹാര സമരത്തെത്തുടർന്ന് അപ്പുറത്തും ഇപ്പുറത്തുമുള്ള ഞങ്ങളുടെ സ്നേഹിതന്മാർ ഗവൺമെന്റുമായി ഇടപെടുകയും അതിന്റെയടിസ്ഥാനത്തിൽ ഒരു തീരുമാനമുണ്ടാകുകയും ചെയ്തു. ആ തീരുമാനം മുഖ്യമന്ത്രി തന്നെ എഴുതി തന്നതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ നിരാഹാര സമരത്തിൽ നിന്നും പിൻതിരിഞ്ഞത്. ഇന്നു തീയതി 30 ആണ്. മൂന്ന് ആഴ്ച കഴിഞ്ഞിട്ടും ആ കരാറിൽ പറഞ്ഞതനുസരിച്ചുള്ള വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അവിടേയും ഇവിടേയും ചില സമരങ്ങൾ നടന്നിട്ടില്ല എന്നല്ല. ചെറിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ അഡാക്ക് പോലുള്ള സഹകരണ സംഘങ്ങൾ ഗവൺമെൻറ് പ്രഖ്യാപിച്ചതനുസരിച്ച് 750 രൂപയ്ക്കു തന്നെ കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിച്ചു. കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ 750 രൂപ വാങ്ങിയിരിക്കുന്നു എന്നു കൃഷിക്കാരെക്കൊണ്ട് എഴുതി വാങ്ങിയിട്ട് 600/650 രൂപയാണ് കൊടുക്കുന്നത്. കുട്ടനാട്ടിലേയും കോട്ടയത്തേയും സ്ഥിതി ഇതു തന്നെയാണ്. പാലക്കാട്ട് ആകട്ടെ 1,62,000 മെട്രിക് ടൺ നെല്ല്, പതിനായിരക്കണക്കിനു കൃഷിക്കാരുടെ നെല്ല്, ഇക്കഴിഞ്ഞ രണ്ടു മാസക്കാലമായി

LIBRARY ARCHIVES Kerala Legislative Assembly